©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ആഗസ്റ്റ് 4<br>4th August 2020<br>1195 കർക്കടകം 20<br>20th Karkadakam 1195<br>1942 ശ്രാവണം 13<br>13th Sravana 1942 | നമ്പർ<br>No. | 31 |

## PART III

# Industries Department

ദർഘാസ്/ലേലപ്പരസ്യം

നമ്പർ ബി-471/2020. 2020 ജൂൺ 29.

പാലക്കാട് ജില്ലയിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ സർവ്വെ നമ്പർ 463/1, 465-ൽപ്പെട്ട വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മെ.സാന്റ് മാക്ക്, ഐ.ഡി.എ. പുതുശ്ശേരി, മെ.മാരിക്കോ (നിഡ) എന്നീ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഐ.ഡി.എ. പുതുശ്ശേരി, നിഡ കഞ്ചിക്കോട് എന്നീ വ്യവസായ എസ്റ്റേറ്റുകളിലെ സ്ഥലത്തെ വനം വകുപ്പ് ഇനം തിരിച്ച് അടയാളപ്പെടുത്തി വില നിർണ്ണയിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന 17 നിൽപ്പുമരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്തു കൊണ്ട് പോകുന്നതിനുള്ള അവകാശം, 17-8-2020 തിങ്കളാഴ്ച 11 മണിക്ക് ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സെയിൽ ഓഫീസറായി ചുമതലപ്പെടുത്തിയ പാലക്കാട് താലൂക്ക് ഉപജില്ലാ വ്യവസായ ഓഫീസർ, മെ. മാരിക്കോ (നിഡ) കഞ്ചിക്കോട്ടിൽ വച്ച് താഴെ പറയുന്ന ലേലങ്ങൾ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ലേലത്തിൽ/ദർഘാസിൽ പരസ്യമായി വിൽക്കുന്നതാണ്.

നിബന്ധനകൾ

1. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ദർഘാസ്/ലേലത്തിന് മുമ്പ് ₹2,200 നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. വിജയിക്കുന്ന ദർഘാസുകാരൻ/ലേലക്കാരൻ അതേ ദിവസം ദർഘാസ്/ലേല തുകയുടെ 50% ട്രഷറിയിൽ ഒടുക്കേണ്ടതാണ്. വിജയിയായ ദർഘാസുകാരൻ/ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി. എസ്. ടി., വനവികസന നികുതി, ഇൻകം ടാക്സ് റൂൾ-260 സി പ്രകാരമുള്ള റ്റി.സി.എസ്. എന്നിവ യഥാസമയം അടയ്ക്കേണ്ടതാണ്. ദർഘാസ്/ലേലദിവസം പൊതു അവധിയായി വന്നാലോ മറ്റേതെങ്കിലും കാരണത്താലോ ദർഘാസ്/ലേലം നടത്താൻ കഴിയാതെ വന്നാൽ ടി ദർഘാസ്/ലേലം അടുത്ത പ്രവർത്തി ദിവസം പ്രസ്തുത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതായിരിക്കും.

2. ദർഘാസ്/ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.

3. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിനുമുമ്പായി ഉല്പന്നങ്ങളുടെ നിൽപ്പ് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. അവ സംബന്ധിച്ച യാതൊരു പരാതികളും ലേലം നടന്നതിനുശേഷം പരിഗണിക്കപ്പെടുന്നതല്ല.

4. ദർഘാസുകാരൻ/ലേലക്കാരൻ നേരിട്ട് ദർഘാസ്/ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. നിയമപരമായ പവർ ഓഫ് അറ്റോർണി ഇല്ലാത്ത പകരക്കാരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

5. ഇൻകം ടാക്സ്, പാൻകാർഡ്, ജി. എസ്. റ്റി. രജിസ്ട്രേഷൻ കൈവശമില്ലാത്ത ആരെയും ദർഘാസിൽ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

6. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ വിലാസവും കയ്യൊപ്പും വെള്ളക്കടലാസിൽ രേഖപ്പെടുത്തി തിരിച്ചറിയൽ രേഖയോടുകൂടി നിരതദ്രവ്യത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. ദർഘാസ്/ലേലത്തിൽ 7 ദിവസങ്ങൾക്കുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകളടക്കം പരാതികളോ പരിഗണിക്കുന്നതല്ല.

8. കൂടുതൽ തുകയ്ക്ക് ദർഘാസ്/ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 50% ലേലം കഴിഞ്ഞാലുടൻ ഒടുക്കേണ്ടതാണ്. ബാക്കി തുക 7 പ്രവൃത്തി ദിവസത്തിനകം ഈ ഓഫീസിൽ നിന്നും നൽകുന്ന മേലൊപ്പിട്ട ചെലാൻ മുഖാന്തിരം സബ് ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ലേല വസ്തുക്കൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

9. ദർഘാസ്/ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത സ്ഥലത്തെ പട്ടികയിൽ സൂചിപ്പിച്ച മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റു മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.

10. വിജയിയായ ദർഘാസ് കാരൻ/ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ദർഘാസ്/ലേലത്തുകയുടെ 50% ട്രഷറിയിൽ കെട്ടിവയ്ക്കേണ്ടതാണ്. ജി.എസ്.ടി., വനവികസന നികുതി, ഇൻകം ടാക്സ് റൂൾ 260 സി പ്രകാരമുള്ള റ്റി.സി.എസ്. എന്നിവ അടവാക്കേണ്ടതാണ്.

11. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം മരങ്ങൾ സ്ഥലത്തുനിന്ന് നീക്കം ചെയ്യേണ്ടതാണ്.

12. ലേലം സംബന്ധിച്ച എല്ലാ പൊതു നിബന്ധനകളും ഈ ദർഘാസ്/ലേലത്തിനും ബാധകമായിരിക്കും.

മതിപ്പുവില—₹ 2,00,953.

ലേല തീയതിയും സമയവും സ്ഥലവും—17-8-2020, 11 മണി, മെ. മാരിക്കോ, നിഡ കഞ്ചിക്കോട്

നിരതദ്രവ്യം—₹ 2,200.

ടെണ്ടർ തുറക്കുന്ന സമയം—ലേലത്തിനുശേഷം.

13. ഏറ്റവും കൂടിയ തുക വിളിച്ച വ്യക്തി ലേല/ദർഘാസ് നിബന്ധന പ്രകാരമുള്ള തുക അടയ്ക്കാത്തപക്ഷം ഏറ്റവും കൂടിയ തുക വിളിച്ച അടുത്ത വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്.

14. മരം എടുത്തുകൊണ്ട് പോകാനുള്ള ഗതാഗതം, കയറ്റിറക്ക് തുടങ്ങിയ എല്ലാ സംവിധാനങ്ങളും ലേലം സ്ഥിരീകരിച്ച വ്യക്തിയിൽ നിക്ഷിപ്തമാണ്.

15. നിശ്ചയിച്ച ലേലത്തുകയിൽ നിന്ന് താഴെ ലേലം വിളിച്ചാൽ ലേലം അസ്ഥിരപ്പെടുന്നതാണ്.

16. മേൽപ്പറഞ്ഞ പൊതുലേലം സ്ഥിരപ്പെടുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരിൽ നിക്ഷിപ്തമാണ്.

17. കോവിഡ്-19 മായി ബന്ധപ്പെട്ട സർക്കാർ നിബന്ധനകൾ പാലിക്കേണ്ടതാണ്.

പട്ടിക

| ക്രമ നമ്പർ | ഇനം | ജിബിഎച്ച് (സെ.മീ.) | Volume (ക്യു. മീ.) | Volume in (MT) | Remarks |
|---|---|---|---|---|---|
| | Back Side of Marico Industry, Kanjikode | | | | |
| 1 | തേക്ക് | 92 | 0.287 | 0.118 | |
| 2 | ,, | 81 | 0.247 | 0.003 | |
| 3 | ,, | 73 | .. | .. | IC Pole |
| 4 | ,, | 87 | 0.287 | 0.118 | |
| 5 | ,, | 92 | 0.287 | 0.118 | |
| 6 | ,, | 103 | 0.342 | 0.229 | |
| 7 | ,, | 94 | 0.287 | 0.118 | |
| 8 | ,, | 104 | 0.411 | 0.335 | |
| 9 | ,, | 61 | Dry | .. | IIID Pole |
| 10 | ,, | 78 | 0.247 | .. | No Fire wood |
| 11 | ,, | 63 | .. | .. | IIC Pole |
| 12 | ,, | 130 | 0.593 | 0.536 | |
| 13 | ,, | 94 | 0.287 | 0.118 | Fallen |
| 14 | ,, | | | 0.500 | Fire wood only |
| | Inside of Sandmac Industries, Kanjikode | | | | |
| 15 | തേക്ക് | 84 | 0.247 | .. | Timber only മൂന്ന് മരത്തിന്റെ ശിഖരങ്ങൾ നേരത്തെ മുറിച്ചു മാറ്റിയിട്ടുണ്ട് |
| 16 | ,, | 88 | 0.287 | .. | Timber only മൂന്ന് മരത്തിന്റെ ശിഖരങ്ങൾ നേരത്തെ മുറിച്ചു മാറ്റിയിട്ടുണ്ട് |
| 17 | ,, | 121 | 0.495 | .. | Timber only മൂന്ന് മരത്തിന്റെ ശിഖരങ്ങൾ നേരത്തെ മുറിച്ചു മാറ്റിയിട്ടുണ്ട് |

ജില്ലാ വ്യവസായ കേന്ദ്രം,
പാലക്കാട്.

(ഒപ്പ്)
അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ,
താലൂക്ക് വ്യവസായ ആഫീസ്,
പാലക്കാട്-1.